I/46201/2023

**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഏഴാം നില, കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ കോംപ്ലക്സ്**

**തമ്പാനൂർ, തിരുവനന്തപുരം-695001**

**വിജ്ഞാപനം**

KEAM -2023

**എഞ്ചിനീയറിംഗ് കോഴ്സുകളിലേയ്ക്കുള്ള പ്രവേശനം**

**ഒന്നാം ഘട്ട അലോട്ട്മെന്റിനെ തുടർന്ന് ഫീസ് അടയ്ക്കുന്നതിനുള്ള സൗകര്യം ലഭ്യമാക്കി**

29.07.2023 ലെ CEE/871/2022/TA-2 നമ്പർ വിജ്ഞാപനത്തെ തുടർന്ന് താഴെപ്പറയുന്ന കാര്യങ്ങൾ വിജ്ഞാപനം ചെയ്യുന്നു.

ഒന്നാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അലോട്ട്മെന്റ് മെമ്മോയിൽ കാണിച്ചിട്ടുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർക്ക് അടയ്ക്കേണ്ടതുമായ ഫീസ് **31.07.2023 മുതൽ 03.08.2023 വൈകുന്നേരം 3.00 മണിക്കകം** ഓൺലൈൻ പേയ്മെന്റായോ വെബ്സൈറ്റിൽ കൊടുത്തിരിക്കുന്ന ഹെഡ് പോസ്റ്റ് ഓഫീസുകൾ മുഖേനയോ ഒടുക്കേണ്ടതാണ്. നിശ്ചിത സമയത്തിനകം പ്രവേശന പരീക്ഷാ കമ്മീഷണർക്ക് ഫീസ് ഒടുക്കാത്ത വിദ്യാർത്ഥികളുടെ അലോട്ട്മെന്റും ബന്ധപ്പെട്ട സ്ട്രീമിൽ നിലവിലുള്ള ഹയർ ഓപ്ഷനുകളും റദ്ദാകുന്നതാണ്. റദ്ദാക്കപ്പെടുന്ന ഓപ്ഷനുകൾ പിന്നീടുള്ള ഘട്ടങ്ങളിൽ ലഭ്യമാകുന്നതല്ല.

ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും ആർക്കിടെക്ചർ ഉൾപ്പെടെ പുതുതായി ചേർത്ത കോഴ്സുകളിലേക്ക് ഓപ്ഷനുകൾ രജിസ്റ്റർ ചെയ്യുന്നതിനുമുള്ള അവസരം **ww.cee.kerala.gov.in** എന്ന വെബ്സൈറ്റിൽ **04.08.2023** മുതൽ ലഭ്യമാകുന്നതാണ്.

**ഒന്നാം ഘട്ട അലോട്ട്മെന്റിൽ ഫീസ് അടയ്ക്കാനുള്ള പുതുക്കിയ സമയക്രമം**

| | |
|---|---|
| 31.07.2023 | ഫീസ് ഒടുക്കാവാനുള്ള സമയം ആരംഭിക്കുന്നു. (ഓൺലൈനായി/ഹെഡ് പോസ്റ്റ് ഓഫീസ് മുഖാന്തിരം) |
| 03.08.2023 വൈകുന്നേരം 3.00 മണി | ഫീസ് ഒടുക്കാവാനുള്ള സമയം അവസാനിക്കുന്നു. |

I/46201/2023

**രണ്ടാംഘട്ട അലോട്ട്മെന്റ് പുതുക്കിയ സമയക്രമം**

| | |
|---|---|
| 04.08.2023 | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, നിലവിലുള്ള ഹയർ ഓപ്ഷനുകൾ പുന:ക്രമീകരിക്കുന്നതിനും ആവശ്യമില്ലാത്തവ റദ്ദ് ചെയ്യുന്നതിനും പുതുതായി ചേർത്തിട്ടുള്ള കോളേജുകളിലേക്കും/കോഴ്സുകളിലേക്കും (ആർക്കിടെക്ചർ ഉൾപ്പെടെ) ഓപ്ഷൻ രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ആരംഭിക്കുന്നു. അലോട്ട്മെന്റ് മെമ്മോ ഡൗൺലോഡ് ചെയ്യാനുള്ള സൗകര്യം ലഭ്യമാകുന്നു. |
| 07.08.2023 വൈകുന്നേരം 4.00 മണി | ഓൺലൈൻ ഓപ്ഷൻ കൺഫർമേഷൻ നടത്തുന്നതിനും, ഓപ്ഷനുകൾ ക്രമീകരിക്കുന്നതിനും രജിസ്റ്റർ ചെയ്യുന്നതിനുമുള്ള സൗകര്യം അവസാനിക്കുന്നു. |
| 09.08.2023 | രണ്ടാം ഘട്ട താത്കാലിക അലോട്ട്മെന്റ് പ്രസിദ്ധീകരണം |
| 10.08.2023 | രണ്ടാം ഘട്ട അന്തിമ അലോട്ട്മെന്റ് പ്രസിദ്ധീകരണം. |
| 14.08.2023 -18.08.2023, വൈകുന്നേരം 3.00 മണി | രണ്ടാം ഘട്ടത്തിൽ അലോട്ട്മെന്റ് ലഭിച്ച അപേക്ഷകർ ബാധകമായ ഫീസ് അടച്ച് അലോട്ട്മെന്റ് ലഭിച്ച കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. |

**ഹെൽപ് ലൈൻ നമ്പർ : 04712525300**

തിരുവനന്തപുരം
01-08-2023

**പ്രവേശന പരീക്ഷാ കമ്മീഷണർ**

Signed by
Arun K Vijayan
Date: 01-08-2023 09:22:36